ഉത്തരം

(എ) പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമ്പോൾ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു എന്ന് പി.എസ്.സി. ഉറപ്പുവരുത്തുന്നുണ്ട്. ഇതു കൂടാതെ പാകപ്പിഴകൾ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ LD Typist തസ്തികയിൽ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും ധീവര വിഭാഗത്തിന്റെ ടേണിൽ രണ്ട് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റൊട്ടേഷൻ ചാർട്ടിലെ 50-ാം ഊഴം ആണ് ധീവര വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത്.

(സി) തിരുവനന്തപുരം ജില്ലയിൽ 17-05-2012 ന് നിലവിൽ വന്ന LD Typist തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും ധീവര വിഭാഗത്തിലെ 4 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റൊട്ടേഷൻ ചാർട്ടിലെ 50-ാം ഊഴം ആണ് ധീവര വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത്.

പി.എസ്.സി. സെക്രട്ടറി പദത്തിൽനിന്നും ശ്രീ. സാജു ജോർജിനെ പുറത്താക്കാൻ നീക്കം

47 (3553) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. സെക്രട്ടറി പദത്തിലെത്തിയ പട്ടികവർഗ്ഗക്കാരനായ ശ്രീ. സാജു ജോർജിനെ പ്രസ്തുത സ്ഥാനത്തുനിന്ന് പുറത്താക്കുന്നതിന് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ശ്രീ. സാജു ജോർജിനെ സെക്രട്ടറി പദത്തിലേക്ക് പി.എസ്.സി. നിർദ്ദേശിച്ചതു മുതൽ ഇതുവരെയുള്ള നടപടിക്രമങ്ങൾ തീയതി ക്രമത്തിൽ വ്യക്തമാക്കുമോ ;

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ സർവീസിലെത്തി 18 വർഷം സേവനം പൂർത്തീകരിച്ച് പി.എസ്.സി. സെക്രട്ടറി ആകാൻ യോഗ്യനെന്ന് കണ്ടെത്തിയതിന് ശേഷം ശ്രീ. സാജു ജോർജിനെതിരെ വ്യാജ പരാതി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) സർവീസ് കാര്യങ്ങൾ ശത്രുതാ മനോഭാവത്തോടെയാണ് പി.എസ്.സി കൈകാര്യം ചെയ്യുന്നത് എന്നത് ഗൗരവമായി കാണുമോ; ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രീ. സാജു ജോർജിന്റെ റിക്രൂട്ട്മെന്റ് ഫയൽ മുക്കിയത് സംബന്ധിച്ച് അദ്ദേഹം ആവശ്യപ്പെട്ട പോലീസ് വിജിലൻസ് എൻക്വയറി നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ ഫിംഗർ പ്രിന്റ് ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദമാക്കുമോ;

(എഫ്) ശ്രീ. സാജു ജോർജിനെപ്പോലെ പ്രാഗത്ഭ്യം തെളിയിച്ച ഒരു ഉദ്യോഗസ്ഥനെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കാൻ എന്ത് നപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ജി) പി.എസ്.സി യിലെ അഡ്മിനിസ്ട്രേറ്റീവ് ഹെഡ് ആയ സാജു ജോർജിനെ മറികടന്ന് എത്ര ഫയലുകൾക്ക് തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അത്തരം ഫയലുകൾക്ക് നിയമ സാധുതയുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ പെരുമാറിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രീ. സാജു ജോർജിനെ സെക്രട്ടറിയായി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ 2-12-2014-ന് അന്നത്തെ പി.എസ്.സി. സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ടി പ്രൊപ്പോസലിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 4-12-2014-ൽ ഈ വകുപ്പിൽ നിന്നും പി.എസ്.സി. സെക്രട്ടറിക്ക് കത്തയയ്ക്കുകയും തുടർന്ന് 7-1-2015-ൽ അധിക വിവരങ്ങൾ സെക്രട്ടറി ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് 28-1-2015-ലെ മന്ത്രിസഭാ യോഗം ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി. സെക്രട്ടറിയായി നിയമിക്കുന്നത് അംഗീകരിക്കുകയും ടി വിവരം ഗവർണ്ണറെ അറിയിക്കുകയും ചെയ്തു. തുടർന്ന് ഗവർണ്ണർ അഭിപ്രായപ്പെട്ടതനുസരിച്ച് ശ്രീ. സാജു ജോർജ് 1995-ൽ അപേക്ഷ സമർപ്പിച്ച സമയത്ത് ജാതി സർട്ടിഫിക്കറ്റ് സമർപ്പിച്ചിരുന്നോ എന്നതുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ഇത് സംബന്ധിച്ച വിവരങ്ങൾ സഹിതം ഗവർണ്ണർക്ക് ഫയൽ 19-3-2015-ൽ സമർപ്പിക്കുകയും ചെയ്തു. 1996-ലെ ആക്ട് II പ്രകാരമുള്ള സ്ക്രൂട്ടിനി കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി. സെക്രട്ടറിയായി നിയമിക്കുന്നതിനുള്ള മന്ത്രിസഭാ യോഗ തീരുമാനം 8-4-2015-ൽ ഗവർണ്ണർ അംഗീകരിക്കുകയും 13-4-2015-ലെ G.O. (Ms)No.109/15/GAD ഉത്തരവ് പ്രകാരം ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി. സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. സ്ക്രൂട്ടിനി കമ്മിറ്റിയുടെ 28-3-2015-ലെ പ്രൊസീഡിങ്സിന്റെ അടിസ്ഥാനത്തിൻ മേൽ 19-11-2015-ലെ സർക്കാർ ഉത്തരവ് G.O. (Ms)No.293/15/GAD പ്രകാരം പുതുക്കി ഉത്തരവായിട്ടുണ്ട്.

(സി-ജി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly